REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 19-11-2025 | സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ആന്ധ്രാപ്രദേശും തമിഴ്നാടും സന്ദർശിക്കും. കോയമ്പത്തൂരിൽ ദക്ഷിണേന്ത്യൻ പ്രകൃതി കൃഷി ഉച്ചകോടി പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.**
- **മികച്ച തീരുമാനങ്ങൾ എടുക്കാനും വ്യാപാര പങ്കാളികളെ സഹായിക്കാനും വാണിജ്യ വിവരങ്ങൾ കൂടുതൽ സുതാര്യമാക്കണമെന്ന് കേന്ദ്രമന്ത്രി പീയുഷ് ഗോയൽ.**
- **ഇന്ന് മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ 108-ാം ജന്മദിനം.**
- **സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിന്റെ നാമനിർദ്ദേശ പത്രിക സമർപ്പണം പുരോഗമിക്കുന്നു. ഇതുവരെ 6,991 പേർ പത്രിക നൽകി.**
- **തിരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാക്കിയ EVM ട്രാക്ക് സോഫ്റ്റ് വെയർ സംസ്ഥാനത്ത് പ്രവർത്തനസജ്ജമായി.**
- **ഏഷ്യാ കപ്പ് റൈസിംഗ് സ്റ്റാർസ് ട്വന്റി 20 ക്രിക്കറ്റിൽ ഇന്ത്യ A ടീം സെമിഫൈനലിൽ.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ആന്ധ്രാപ്രദേശും തമിഴ്നാടും സന്ദർശിക്കും.

കോയമ്പത്തൂരിൽ ദക്ഷിണേന്ത്യൻ പ്രകൃതി കൃഷി ഉച്ചകോടി പ്രധാനമന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്യും. അയ്യായിരം കർഷകർ ഉച്ചകോടിയിൽ പങ്കെടുക്കും. ജൈവ കർഷകനായ നമ്മൾവാർ പ്രചരിപ്പിച്ച പ്രകൃതിദത്ത കൃഷിരീതി ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കുക എന്നതാണ് ഉച്ചകോടിയുടെ ലക്ഷ്യം. മാതൃകാപരമായ പത്ത് കർഷകരെ ചടങ്ങിൽ ആദരിക്കുന്ന പ്രധാനമന്ത്രി കർഷകരുമായി

സംവദിക്കുകയും ചെയ്യും. ഒമ്പത് കോടി കർഷകർക്കായി 18,000 കോടി രൂപയുടെ 21-ാമത് പ്രധാൻമന്ത്രി കിസാൻ ഗഡുവും പ്രധാനമന്ത്രി വിതരണം ചെയ്യും. മൂന്ന് ദിവസത്തെ കാർഷിക ഉച്ചകോടി മറ്റന്നാൾ അവസാനിക്കും.

ആന്ധ്രാപ്രദേശിൽ, പ്രധാനമന്ത്രി പുട്ടപർത്തിയിലെ സത്യസായി ബാബയുടെ പുണ്യസ്ഥലവും മഹാസമാധിയും സന്ദർശിച്ച് പ്രണാമം അർപ്പിക്കും. സത്യസായി ബാബയുടെ ശതാബ്ദി ആഘോഷങ്ങളിലും പ്രധാനമന്ത്രി പങ്കെടുക്കും.

✪✪✪

റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിന്റെ ഇന്ത്യാ സന്ദർശനത്തിന് ആതിഥേയത്വം വഹിക്കാൻ രാജ്യം കാത്തിരിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. റഷ്യൻ ഫെഡറേഷൻ മാരിടൈം ബോർഡ് ചെയർമാൻ നിക്കോളായ് പട്രുഷേവുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തിയപ്പോഴാണ് പ്രധാനമന്ത്രി ഇക്കാര്യം അറിയിച്ചത്.

✪✪✪

ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ സുരക്ഷാ പങ്കാളിത്തം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ, കൊളംബോ സെക്യൂരിറ്റി കോൺക്ലേവിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാവും. ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലിന്റെ നേതൃത്വത്തിലാണ് രണ്ടുദിവസത്തെ കോൺക്ലേവ്. CSC-യിൽ പങ്കെടുക്കാനെത്തുന്ന ബംഗ്ലാദേശിന്റെ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ഖലീലുർ റഹ്മാൻ, അജിത് ഡോവലുമായി ഉഭയകക്ഷി കൂടിക്കാഴ്ചയും നടത്തിയേക്കും.

✪✪✪

മികച്ച തീരുമാനങ്ങൾ എടുക്കാനും വ്യാപാര പങ്കാളികളെ സഹായിക്കാനും വാണിജ്യ വിവരങ്ങൾ കൂടുതൽ സുതാര്യമാക്കണമെന്ന് കേന്ദ്രമന്ത്രി പീയുഷ് ഗോയൽ പറഞ്ഞു. ന്യൂഡൽഹിയിൽ ട്രേഡ് ഇന്റലിജൻസ് ആന്റ് അനലറ്റിക്സ് പോർട്ടൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പോർട്ടൽ ഇറക്കുമതിക്കാർക്കും കയറ്റുമതിക്കാർക്കും സ്റ്റാർട്ടപ്പുകൾക്കും MSMEകൾക്കും പുതിയ ഉൾക്കാഴ്ച നൽകാൻ സഹായിക്കുമെന്നും പീയുഷ് ഗോയൽ വ്യക്തമാക്കി.

✪✪✪

ഇന്ന് മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ 108-ാം ജന്മദിനം. ഈ ദിവസം രാജ്യം ദേശീയോദ്ഗ്രഥന ദിനമായാണ് ആചരിക്കുന്നത്. കോൺഗ്രസിന്റെ നേതൃത്വത്തിൽ രാജ്യവ്യാപകമായ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇന്ദിരാഗാന്ധി അന്ത്യവിശ്രമം കൊള്ളുന്ന ന്യൂഡൽഹിയിലെ ശക്തിസ്ഥലിൽ

രാവിലെ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയുടെ നേതൃത്വത്തിൽ പുഷ്പാർച്ചന നടത്തും. തിരുവനന്തപുരം KPCC ആസ്ഥാനത്തും രാവിലെ പുഷ്പാർച്ചന സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

ഡൽഹി ചുവപ്പുകോട്ട സ്ഫോടനക്കേസിൽ അൽഫലാഹ് ഗ്രൂപ്പ് ചെയർമാൻ ജവാദ് അഹമ്മദ് സിദ്ദിഖിയെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അറസ്റ്റ് ചെയ്തു. കള്ളപ്പണം വെളുപ്പിക്കൽ തടയൽ നിയമപ്രകാരമാണ് അറസ്റ്റ്. ഇന്നലെ അൽഫലാഹ് സർവകലാശാലയും, ഗ്രൂപ്പിന്റെ പ്രധാന വ്യക്തികളുടെ വസതികളും ഉൾപ്പെടെ ഡൽഹിയിലെ 19 സ്ഥലങ്ങളിൽ ഇഡി റെയ്ഡ് നടത്തിയിരുന്നു. 48 ലക്ഷത്തിലധികം രൂപയുടെ പണവും ഒന്നിലധികം ഡിജിറ്റൽ ഉപകരണങ്ങളും ഡോക്യുമെന്ററി തെളിവുകളും പിടിച്ചെടുത്തു.

✪✪✪

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിന്റെ നാമനിർദ്ദേശ പത്രിക സമർപ്പണം പുരോഗമിക്കുന്നു. ഇതുവരെ 6,991 പേർ പത്രിക നൽകി. ഇതിൽ 3806 പേർ പുരുഷന്മാരും 3185 പേർ വനിതകളുമാണ്.

കണ്ണൂർ ജില്ലയിലാണ് ഏറ്റവും അധികംപേർ പത്രിക നൽകിയത്. 1965 പേർ. രണ്ടാം സ്ഥാനത്ത് തൃശൂരാണ്. 1757 പേർ. വയനാട്ടിൽ 59 പേരും പത്രിക നൽകി.

കോഴിക്കോട് ജില്ലയിൽ ഇന്നലെ വൈകിട്ട് വരെ 375 പേർ നാമനിർദ്ദേശ പത്രിക സമർപ്പിച്ചു.

തിരുവനന്തപുരം ജില്ലയിൽ ഇന്നലെ വൈകിട്ട് വരെ 1,116 പേർ നാമനിർദ്ദേശപത്രിക സമർപ്പിച്ചു.

കാസർഗോഡ് ജില്ലയിൽ പുതുതായി 534 നാമനിർദ്ദേശ പത്രികകൾ സമർപ്പിച്ചു. ഇതുവരെ 544 പേരാണ് പത്രിക നൽകിയിരിക്കുന്നത്.

✪✪✪

തദ്ദേശ ഭരണ തിരഞ്ഞെടുപ്പിന് ഉപയോഗിക്കുന്ന ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ വിന്യാസവും നീക്കവും നിരീക്ഷിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാക്കിയ EVM ട്രാക്ക് സോഫ്റ്റ് വെയർ പ്രവർത്തനസജ്ജമായി. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ തിരുവനന്തപുരത്ത് ഇതിന്റെ പ്രവർത്തനം ഉദ്ഘാടനം ചെയ്തു.

ഡെസ്ക് റിപ്പോർട്ട്

..........വോയ്സ്.......

കേന്ദ്രീകൃത സംവിധാനത്തിലൂടെ സംസ്ഥാനത്ത് എല്ലായിടത്തും വോട്ടിംഗ് മെഷീനുകളുടെ നീക്കം ഒരുപോലെ ട്രാക്ക് ചെയ്യാൻ കഴിയുന്നതാണ് EVM ട്രാക്ക്. ഭാവിയിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനുൾപ്പെടെ ഇതര സംസ്ഥാന കമ്മീഷനുകൾക്കും ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്ന സോഫ്റ്റ് വെയറാണിതെന്ന് കമ്മീഷണർ പറഞ്ഞു.

കമ്മീഷന്റെ ഇവിഎം കൺസൾട്ടന്റ് എൽ.സൂര്യനാരായണന്റെ മേൽനോട്ടത്തിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളായ ആഷിൻ സി അനിൽ, ജെസ്വിൻ സൺസി എന്നിവരാണ് ഇവിഎം ഇൻവെന്ററി ആൻറ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ തയാറാക്കിയത്.

തിരഞ്ഞെടുപ്പിന് ഉപയോഗിക്കുന്ന ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ ആദ്യഘട്ട പരിശോധന കഴിഞ്ഞ് വോട്ടെടുപ്പിന് ഉപയോഗിക്കാൻ സജ്ജമായിട്ടുണ്ട്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഉടമസ്ഥതയിൽ ഒരു ലക്ഷത്തി 37,922 ബാലറ്റ് യൂണിറ്റുകളും 50,693 കൺട്രോൾ യൂണിറ്റുകളും ജില്ലകളിലെ സ്ട്രോംഗ് റൂമുകളിൽ സൂക്ഷിച്ചിട്ടുണ്ട്. ഇവയെല്ലാം കമ്മീഷനിംഗ് കഴിഞ്ഞതിന് ശേഷം, EVM ട്രാക്ക് സോഫ്റ്റ് വെയറിന്റെ സഹായത്തോടെ വിവിധ പോളിംഗ് സ്റ്റേഷനുകളിൽ വോട്ടെടുപ്പിനായി വിന്യസിക്കും.

✪✪✪

തദ്ദേശസ്ഥാപന പൊതുതിരഞ്ഞെടുപ്പിന്റെ ഹരിതച്ചട്ടപാലന പ്രചാരണ വീഡിയോ വാഹനം തിരുവനന്തപുരത്തെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് കമ്മീഷണർ A ഷാജഹാൻ ഫ്ളാഗ് ഓഫ് ചെയ്തു.

തിരഞ്ഞെടുപ്പ് കമ്മീഷന് വേണ്ടി സംസ്ഥാന ശുചിത്വമിഷനാണ് പ്രചാരണയാത്ര സംഘടിപ്പിക്കുന്നത്. ഹരിതചട്ടം പാലിക്കാം, തദ്ദേശതിരഞ്ഞെടുപ്പ് ഹരിതാഭമാക്കാം എന്നതാണ് പ്രചാരണത്തിന്റെ പരസ്യവാചകം.

✪✪✪

തദ്ദേശ തെരഞ്ഞെടുപ്പ് പോളിങ് ഡ്യൂട്ടിക്കായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ വിവരങ്ങൾ പ്രസിദ്ധീകരിച്ചു. ജീവനക്കാരുടെ പേരും ട്രെയിനിങ് സെന്റർ സംബന്ധിച്ച വിവരവും ജില്ലാ കലക്ടറുടെ ഉത്തരവ് വെബ്സൈറ്റിൽനിന്ന് ഡൗൺലോഡ് ചെയ്യാം. ബാങ്ക് അക്കൗണ്ട് നമ്പർ പരിശോധിച്ച് മാറ്റം ഉണ്ടെങ്കിൽ തിരുത്താനും അവസരമുണ്ട്.

✪✪✪

56-ാമത് ഇന്ത്യൻ രാജ്യന്തര ചലച്ചിത്രമേളയ്ക്ക് നാളെ ഗോവയിൽ തുടക്കമാകും. ഈ മാസം 28 വരെ നീളുന്ന മേളയിൽ 81 രാജ്യങ്ങളിൽ നിന്ന് 240-ലേറെ ചിത്രങ്ങൾ പ്രദർശിപ്പിക്കും.

✪✪✪

ശബരിമലയിൽ ഇന്നലെയുണ്ടായ തിക്കും തിരക്കും കണക്കിലെടുത്ത് സ്പോട്ട് ബുക്കിംഗ് 20,000 ആയി പരിമിതപ്പെടുത്തി. ദേവസ്വം ബോർഡ് പ്രസിഡന്റ് ഡോ. K.ജയകുമാർ ഇന്നലെ ഇക്കാര്യം വ്യക്തമാക്കിയിരുന്നു. ഇന്നും അധികമായി തീർഥാടകരെത്തിയാൽ നിലയ്ക്കലിൽ നിയന്ത്രണം ഏർപ്പെടുത്തുമെന്നും, സ്പോട്ട് ബുക്കിംഗ് തിരക്ക് ഒഴിവാക്കാൻ നിലയ്ക്കലിൽ ഏഴ് കൗണ്ടറുകൾ തുറക്കുമെന്നും ഡോ. ജയകുമാർ അറിയിച്ചു. പ്രതിദിനം ദർശനത്തിനെത്തുന്ന തീർഥാടകരുടെ എണ്ണം ഒരുലക്ഷത്തിൽ താഴെയായി നിജപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ മുറജപ - ലക്ഷദീപ മഹോത്സവത്തിന്റെ ഭാഗമായ 56 ദിവസത്തെ വൈദിക ചടങ്ങുകൾക്ക് നാളെ തുടക്കമാകും. ആറു വർഷത്തിലൊരിക്കൽ നടത്തുന്ന മുറജപം-ലക്ഷദീപം മഹോത്സവം അടുത്ത വർഷം ജനുവരി 14-ന് ലക്ഷദീപത്തോടെയാണ് സമാപിക്കുക.

✪✪✪

മദീനയിൽ ബസ്സപകടത്തിൽ ഇന്ത്യൻ ഉംറ തീർത്ഥാടകർ മരിച്ചതിന്റെ പശ്ചാത്തലത്തിൽ ആന്ധ്രാപ്രദേശ് ഗവർണർ ജസ്റ്റിസ് S അബ്ദുൾ നസീറിന്റെ നേതൃത്വത്തിൽ ഉന്നതതല സംഘം ഇന്ന് സൗദി അറേബ്യ സന്ദർശിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. സൗദി അധികാരികളുമായി ഏകോപിപ്പിച്ച് പ്രതിനിധി സംഘം നടപടികൾക്ക് പൂർണ്ണ സഹായം നൽകുകയും മേൽനോട്ടം വഹിക്കുകയും ചെയ്യും.

✪✪✪

ദോഹയിലെ വെസ്റ്റ് എൻഡ് പാർക്ക് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ റൈസിംഗ് സ്റ്റാർസ് ഏഷ്യാ കപ്പ് ടൂർണമെന്റിന്റെ അവസാന ഗ്രൂപ്പ് ബി മത്സരത്തിൽ ഇന്ത്യ A ടീം സെമിഫൈനലിൽ പ്രവേശിച്ചു. ഒമാനെ ആറ് വിക്കറ്റിന് പരാജയപ്പെടുത്തിയാണ് ഇന്ത്യയുടെ നേട്ടം. ഒമാൻ 7 വിക്കറ്റ് നഷ്ടത്തിൽ 135 റൺസെടുത്തു. മറുപടി ബാറ്റിങ്ങിൽ ഇന്ത്യ 4 വിക്കറ്റിന് 138 റൺസെടുത്ത് ലക്ഷ്യം മറികടന്നു.

ഇന്ന് സെമിയിൽ ഇന്ത്യ ഗ്രൂപ്പ് A-യിലെ ഒന്നാം സ്ഥാനക്കാരെ നേരിടും.

✪✪✪

ഏഷ്യ കപ്പ് ഫുട്ബോൾ യോഗ്യതാ റൗണ്ടിൽ ഗ്രൂപ്പ് C യിലെ അവസാന മത്സരത്തിൽ ഇന്ത്യക്ക് തോൽവി. ആതിഥേയരായ ബംഗ്ലാദേശിനോട് ഒരു ഗോളിനാണ് ഇന്ത്യ പരാജയപ്പെട്ടത്. ഇതോടെ ഗ്രൂപ്പിൽ അവസാന സ്ഥാനത്തായി ഇന്ത്യ.

✪✪✪

ലോക ബോക്സിംഗ് കപ്പ് ഫൈനൽസിൽ സ്വർണ്ണ മെഡൽ പോരാട്ടത്തിലേക്ക് മുന്നേറി ഇന്ത്യയുടെ പ്രീതി പവാർ. 54 കിലോ വിഭാഗത്തിൽ തായ്‌വാന്റെ ഹുവാങ് സിയാവോ-വെനെയാണ് പരാജയപ്പെടുത്തിയത്.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് കണ്ണൂർ വാരിയേഴ്സ് FC യും മലപ്പുറം FC യും ഏറ്റുമുട്ടും. രാത്രി 7.30-ന് കണ്ണൂർ ജവാഹർ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

കാലിക്കറ്റ് സർവകലാശാല വനിതാവിഭാഗം ഷട്ടിൽ ബാഡ്മിന്റൺ ടൂർണമെന്റിൽ ദേവഗിരി സെന്റ് ജോസഫ്സ് കോളേജ് വിജയികളായി. ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിനെയാണ് ദേവഗിരി ഫൈനലിൽ പരാജയപ്പെടുത്തിയത്. തുടർച്ചയായി നാലാം തവണയാണ് ദേവഗിരി കിരീടം നേടുന്നത്.

✪✪✪

വയനാട് ജില്ലാ സ്കൂൾ കലോത്സവത്തിന് മാനന്തവാടി ഗവൺമെൻറ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഇന്ന് തുടക്കമാകും. കലോത്സവം നാളെ വൈകിട്ട് കളക്ടർ ഡി.ആർ. മേഘശ്രീ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും. 3 ഉപജില്ലകളിൽ നിന്നായി 3700-ഓളം കുട്ടികൾ മേളയിൽ പങ്കെടുക്കും.

✪✪✪

കന്യാകുമാരിക്ക് സമീപം രൂപംകൊണ്ട ന്യൂനമർദം അടുത്ത 24 മണിക്കൂറിനുള്ളിൽ പടിഞ്ഞാറ്-വടക്കുപടിഞ്ഞാറ് ദിശയിലേക്ക് നീങ്ങാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ലക്ഷദ്വീപിൽ മഞ്ഞ ജാഗ്രത നൽകി.

കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് 45 മുതൽ 55 കിലോമിറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്. മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും നിർദ്ദേശമുണ്ട്.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: നിമിഷ ജി*
*NRT: സാലിം*
*DEO: സി കെ സുബോധ്*